സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004


## സ്വർണ വില ഇടിയുന്നു

കോഴിക്കോട്: സ്വർണ വില ഇടിയുന്നു. ചൊവ്വാഴ്ച പവന് 360 രൂപയാണ് കുറഞ്ഞത്. സ്വർണം ഗ്രാമിന് 49 രൂപ കുറഞ്ഞ് 8710 രൂപയായി. ഒരു പവൻ സ്വർണത്തിന്റെ ഇന്നത്തെ വില 69,680 രൂപയാണ്. ഈ മാസം രണ്ടാം വാരത്തിൽ 68,880 ലേക്ക് കൂപ്പ് കുത്തിയ സ്വർണവില പിന്നീട് കരകയറുകയായിരുന്നു.ഒറ്റയടിക്ക് 1560 രൂപ ഇടിഞ്ഞ് ഒരിടവേളക്കു ശേഷം സ്വർണവില ആദ്യമായി 70,000ൽ താഴെയെത്തിയിരുന്നു. തിങ്കളാഴ്ച വീണ്ടും 70,000ത്തിന് മുകളിലെത്തിയെങ്കിലും വീണ്ടും വില ഇടിയുകയായിരുന്നു. ഓഹരി വിപണിയിലെ ചാഞ്ചാട്ടവും അമേരിക്ക- ചൈന വ്യാപാരയുദ്ധത്തിന് ശമനമായതും അടക്കമുള്ള ഘടകങ്ങളാണ് സ്വർണവിലയെ സ്വാധീനിക്കുന്നത്. കഴിഞ്ഞ മാസങ്ങളിൽ സുരക്ഷിത നിക്ഷേപം എന്ന നിലയിൽ സ്വർണത്തിലേക്ക് കൂടുതൽ ആളുകൾ എത്തിയതാണ് സ്വർണവില ഉയരാൻ ഇടയാക്കിയത്.


സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com



www.swathanthramandapam.com വാള്യം: 60 ലക്കം: 61 2025 മെയ് 20 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in


# ഹാഫിസ് സയ്യിദിനെ വിട്ടുതരൂ, പ്രശ്നം തീരും

ന്യൂഡൽഹി: 'ഹാഫിസ് സയ്യിദിനെ വിട്ടുതരൂ, പ്രശ്നം തീരും'; പാക്കിസ്ഥാനോട് ഇന്ത്യൻ നയതന്ത്രജ്ഞൻ. പാക്കിസ്ഥാനെതിരായ ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ അവസാനിച്ചിട്ടില്ലെന്നും ഒന്നുനിർത്തിയതേയുള്ളൂവെന്നും ഇസ്രയേലിലെ ഇന്ത്യൻ അംബാസഡർ ജെപി സിങ്. ഹാഫിസ് സയ്യിദ്, സാജിദ് മിർ, സാക്കിയുർ റഹ്മാൻ ലഖ്വി എന്നിവരെ ഇസ്ലമാബാദ് ഇന്ത്യയ്ക്കു കൈമാറിയാൽ എല്ലാ പ്രശ്നങ്ങളും തീരുമെന്നും സിങ് പറയുന്നു. തഹാവൂർ ഹുസൈൻ റാണയെ യുഎസ് ഇന്ത്യക്കു കൈമാറിയതുപോലെ ഹാഫി



സിനേയും കൈമാറിയാൽ സംഘർഷം അവസാനിപ്പിക്കാമെന്നും സിങ് .

ഇസ്രയേലി ടിവി ചാനൽ ഐ24നു നൽകിയ പ്രത്യേക അഭിമുഖത്തിലാണ് ജെപി സിങ് ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്. മതം നോക്കി 26 നിരപരാധികളെ തീവ്രവാദികൾ കൊന്നൊടുക്കിയതിന്റെ പ്രതികാരമായി ഭീകരകേന്ദ്രങ്ങൾ മാത്രമാണ് ഇന്ത്യ ലക്ഷ്യംവച്ചത്. തീവ്രവാദത്തിനെതിരായ നടപടി ഇനിയും തുടരും, തീവ്രവാദികളെ വേരോടെ നശിപ്പിക്കുകയെന്നതാണ് ഇന്ത്യയുടെ ആവശ്യമെന്നും സിങ് വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂറിനിടെ മേയ് 10ന് നൂർഖാൻ ബേസ് ആക്രമിച്ചത് ഇന്ത്യയുടെ ഗെയിം ചേഞ്ചർ തന്ത്രമായിരുന്നു. ഇസ്ലമാബാദിനെ പാനിക് ആക്കാൻ ആ ആക്രമണംകൊണ്ട് സാധിച്ചു, തുടർന്നാണ് പാക് ഡിജിഎംഒ ഇന്ത്യൻ ഡിജിഎംഒയെ ബന്ധപ്പെട്ടതും വെടിനിർത്തൽ വേണമെന്ന ആവശ്യം ഉന്നയിച്ചതും.

നദീജല വിഷയവും ഒരു തരത്തിലുള്ള യുദ്ധമാണെന്നും പാക്കിസ്ഥാനിലേക്ക് ഇന്ത്യ വെള്ളമൊഴുക്കിയാൽ തിരിച്ച് ഇന്ത്യയിലേക്ക് തീവ്രവാദമൊഴുക്കും എന്നതാണ് ആ രാജ്യത്തിന്റെ നിലപാടെന്നും ഇതാണ് യുദ്ധത്തിനു കാരണമെന്നും അദ്ദേഹം പറയുന്നു. പഹൽഗാം ആക്രമണത്തെ കുറിച്ച് അന്വേഷണം നടത്താമെന്ന പാക്കിസ്ഥാന്റെ ഓഫർ മറ്റൊരു ഗൂഢതന്ത്രമാണെന്നും മുംബൈ, പഠാൻകോട്ട്, പുൽവാമാ ആക്രമണങ്ങളിലെ അന്വേഷണ റിപ്പോർട്ട് എവിടെയെന്നും അദ്ദേഹം ചോദിക്കുന്നു.

## വാഹനാപകടം; മൂന്നാർ സ്വദേശികളായ ദമ്പതികളും മകളും മരിച്ചു

ചെന്നൈ: തമിഴ്നാട് തിരുപ്പൂർ കങ്കയത്ത് വാഹനാപകടത്തിൽ മൂന്ന് പേർ മരിച്ചു. മൂന്നാർ സ്വദേശികളായ നിക്സൺ, ഭാര്യ ജാനകി, മൂത്ത മകൾ ഹെമി മിത്ര എന്നിവരാണ് മരിച്ചത്. പരിക്കേറ്റ മറ്റൊരു മകൾ ഗുരുതരാവസ്ഥയിലാണ്. മൂന്നാർ ഗൂഡാർവിള എസ്റ്റേറ്റിലെ താമസക്കാരാണ് അപകടത്തിൽപ്പെട്ടത്.

തമിഴ്നാട്ടിലെ ബന്ധുവീട്ടിൽ നിന്ന് മൂന്നാറിലേക്ക് പോകുംവഴിയാണ് അപകടമുണ്ടായത്. നിക്സണായിരുന്നു കാറോടിച്ചിരുന്നത്. നിയന്ത്രണം വിട്ട കാർ ഒരു മരത്തിലേക്ക് പാഞ്ഞുകയറുകയായിരുന്നു. ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടമുണ്ടായതെന്നാണ് പ്രാഥമിക നിഗമനം. അപകടത്തിൽ കാർ പൂർണമായും തകർന്നു.


## പാർട്ടിക്കൊപ്പം പ്രവർത്തിക്കണം, പറ്റില്ലെങ്കിൽ സ്വതന്ത്രനായി ജയിക്കണം:അടൂർ പ്രകാശ്

കോഴിക്കോട്: ശശി തരൂരിനെ വിമർശിച്ച് യുഡിഎഫ് കൺവീനർ അടൂർ പ്രകാശ്. കോൺഗ്രസുകാരൻ ആ ചട്ടക്കൂടിനുള്ളിൽ നിന്ന് പ്രവർത്തിക്കണം. അത് തരൂരിന്റെ മാത്രമല്ല, താൻ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തകരുടേയും ചുമതലയാണെന്ന് അടൂർ പ്രകാശ് പറഞ്ഞു. പാർട്ടി പ്രവർത്തകൻ എന്ന നിലയിൽ ജനങ്ങളാണ് തിരഞ്ഞെടുക്കുന്നത്. ആരും മുകളിൽനിന്ന് കെട്ടിയിറക്കി വരുന്നവരല്ല. പാർട്ടിയുടെ വളയത്തിനുള്ളിൽനിന്ന് പുറത്തുവന്ന് എന്തെങ്കിലും വിളിച്ച് പറഞ്ഞാൽ കയ്യടി കിട്ടുമായിരിക്കും, കയ്യടിക്ക് ഉപരിയായി പാർട്ടിയുമായി ബന്ധപ്പെട്ടുനിന്ന് പ്രവർത്തിക്കണം. ഇതിന് കഴിയില്ലെങ്കിൽ സ്വതന്ത്രനായി നിന്ന് മത്സരിച്ച് വിജയിക്കണമെന്നും അടൂർ പ്രകാശ് പറഞ്ഞു.

സ്വതന്ത്രനായി നിന്ന് മത്സരിച്ച് വിജയിച്ചാൽ പാർട്ടി പറയുന്നത് ഒന്നു കേൾക്കേണ്ട, പാർട്ടി നിർദ്ദേശിച്ചില്ലെങ്കിലും ഞാൻ പോവുമെന്ന് പറയുന്ന നിലപാട് ശരിയല്ലെന്നും അടൂർ പ്രകാശ് പറഞ്ഞു. കോൺഗ്രസിന് ഒരു അഭിപ്രായം ഉണ്ട്, അത് സ്വീകരിക്കൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വമാണ്. കോൺഗ്രസ് എന്ന മാതൃസംഘടനയെ അപകീർത്തിപ്പെടുത്തുന്ന രീതിയിലേക്ക് ആര് പോയാലും അത് ശരിയല്ല. ഏത് വലിയവൻ ആയാലും ചെറിയവൻ ആയാലും പാർട്ടി ചട്ടകൂടിന് ഉള്ളിൽ നിന്ന് പ്രവർത്തിക്കണം. വർക്കിങ് കമ്മറ്റി മെമ്പർ എന്ന വലിയ പദവിയിൽ ഇരിക്കുന്നയാൾ ഇത്തരം നിലപാട് എടുക്കുമ്പോൾ അത് ക്ഷീണം ചെയ്യുമോ എന്ന് അദ്ദേഹം ചിന്തിക്കണം'-അടൂർ പ്രകാശ് പറഞ്ഞു.

## ഓപ്പറേഷൻ സിന്ദൂറിനെ വിമർശിച്ച മലയാളി ഡാർക്ക് വെബിൽ സജീവം, പ്രകോപനപരമായ പോസ്റ്റുകൾ പങ്കുവച്ചുവെന്ന് കണ്ടെത്തൽ

മുംബയ്: ഓപ്പറേഷൻ സിന്ദൂറിനെ സമൂഹമാദ്ധ്യമത്തിലൂടെ വിമർശിച്ചതിന്റെ പേരിൽ മഹാരാഷ്ട്ര പൊലീസ് അറസ്റ്റ് ചെയ്ത മലയാളി ഡാർക്ക് വെബിൽ സജീവമായിരുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ. ആക്ടിവിസ്റ്റും സ്വതന്ത്ര മാദ്ധ്യമപ്രവർത്തകനുമായ കൊച്ചി ഇടപ്പള്ളി സ്വദേശി റിജാസ് എം ഷീബാ സൈദീക് (26) ആണ് അറസ്റ്റിലായത്.



റിജാസ് ഡാർക്ക് വെബിൽ പ്രകോപനമായ അഭിപ്രായങ്ങൾ പങ്കുവയ്ക്കാറുണ്ടായിരുന്നു. പ്രാഥമിക അന്വേഷണത്തിലാണ് ഡാർക്ക് വെബിലെ റിജാസിന്റെ സാന്നിദ്ധ്യം കണ്ടെത്തിയത്. കൂടുതൽ അന്വേഷണത്തിനായി റിജാസിന്റെ മൊബൈൽ അടക്കമുള്ള ഡിജിറ്റൽ ഉപകരണങ്ങൾ സൈബർ ഫോറൻസിക് ലാബിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും അന്വേഷണ ഉദ്യോഗസ്ഥൻ അറിയിച്ചു. റിജാസിനെതിരെ യുഎപിഎ ചുമത്തിയിരിക്കുകയാണ്.

നാഗ്പൂരിലെ ഒരു ഹോട്ടലിൽ നിന്നാണ് റിജാസ് അറസ്റ്റിലായത്. സർക്കാരിനെതിരെ യുദ്ധം ചെയ്യൽ, കലാപ ആഹ്വാനം എന്നിവയടക്കമുള്ള കുറ്റങ്ങളാണ് റിജാസിനെതിരെ ചുമത്തിയിരിക്കുന്നത്. സിപിഐ മാവോയിസ്റ്റ് സംഘടനയുമായി റിജാസ് ബന്ധം പുലർത്തിയെന്നും എഫ്ഐആറിൽ പറയുന്നുണ്ട്. കേരളത്തിലും റിജാസിനെതിരെ കേസുണ്ട്. വീട്ടിൽ നടത്തിയ പരിശോധനയിൽ മൊബൈൽ ഫോണുകളും പെൻ ഡ്രൈവുകളുമടക്കം നിരവധി രേഖകൾ മഹാരാഷ്ട്ര തീവ്രവാദ വിരുദ്ധ സ്ക്വാഡ് (എ.ടി.എസ്) കസ്റ്റഡിയിലെടുത്തിരുന്നു. തീവ്ര ആശയങ്ങൾ പ്രചരിപ്പിക്കുന്ന നിരവധി പുസ്തകങ്ങളും കണ്ടെടുത്തു.

കാശ്മീരിൽ ഭീകരാക്രമണം നടത്തിയവരുടെ വീടുകൾ പൊളിച്ചതിനെതിരെ ഏപ്രിൽ 29ന് എറണാകുളം പനമ്പിള്ളിനഗറിൽ ഇയാളുടെ നേതൃത്വത്തിൽ പ്രകടനം നടത്തിയിരുന്നു. സംഭവത്തിൽ ഇയാളെയടക്കം എട്ടുപേരെ എറണാകുളം സൗത്ത് പൊലീസ് അന്ന് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തു. ഈ കേസിന്റെ വിവരങ്ങളും എ.ടി.എസ് ശേഖരിച്ചിട്ടുണ്ട്. ഡൽഹിയിൽ ഒരു പരിപാടിയിൽ പങ്കെടുത്ത ശേഷം നാഗ്പൂരിലെത്തിയപ്പോഴാണ് പെൺസുഹൃത്തിനൊപ്പം റിജാസിനെ പൊലീസ് പിടികൂടിയത്. സുഹൃത്തിനെ പിന്നീട് വിട്ടയച്ചിരുന്നു.

## ഡോ. ജയന്ത് നർലിക്കർ അന്തരിച്ചു

മുംബൈ: പ്രശസ്ത ഭൗതികശാസ്ത്രജ്ഞനും പദ്മവിഭൂഷൺ ജേതാവുമായ ഡോ. ജയന്ത് നർലിക്കർ (87) അന്തരിച്ചു. പുണെയിലെ വസതിയിലായിരുന്നു അന്ത്യം.

മഹാവിസ്ഫോടന സിദ്ധാന്തത്തിനു ബദലായി കൊണ്ടുവന്ന പ്രപഞ്ചഘടനാശാസ്ത്രത്തിന്റെ പേരിലാണ് ജയന്ത് നർലിക്കർ ലോകപ്രശസ്തി നേടിയത്. സ്ഥിരസ്ഥിതി പ്രപഞ്ചഘടനാശാസ്ത്രത്തിന്റെ ഉപജ്ഞാതാവായ ഇദ്ദേഹം സർ ഫ്രെഡ് ഹോയ്‌ലയുമായി ചേർന്ന് ഹോയ്‌ല-നാർലിക്കർ തിയറി വികസിപ്പിച്ചിട്ടുണ്ട്. പ്രപഞ്ചശാസ്ത്രത്തിൽ ഏറെ പഠനങ്ങൾ നടത്തിയ ഡോ. ജയന്ത് നർലിക്കർ ശാസ്ത്രപ്രചാരണത്തിലും വലിയ സംഭാവനകൾ നൽകി.

## മൂന്നാം പിണറായി സർക്കാർ വരുമെന്ന് എം.വി.ഗോവിന്ദൻ; സ്വപ്നം മാത്രമെന്ന് പ്രതിപക്ഷ നേതാവ്

തിരു: പിണറായി വിജയൻ മൂന്നാമതും കേരളത്തിൻറെ മുഖ്യമന്ത്രിയാകുമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പ്രസ്താവിച്ചു. പിണറായി തന്നെ വീണ്ടും എൽഡിഎഫിനെ നയിക്കുമെന്നും മറിച്ചുള്ള ചർച്ചയ്ക്ക് ഇപ്പോൾ പ്രസക്തിയില്ലെന്നും ഗോവിന്ദൻ. തദ്ദേശ തിരഞ്ഞെടുപ്പും, നിലമ്പൂർ ഉപതിരഞ്ഞെടുപ്പുമടക്കം നേരിടാൻ തയ്യാറായിക്കഴിഞ്ഞെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.



തുടർഭരണം സ്വപ്നം മാത്രമാണെന്നും സംസ്ഥാനത്ത് സർക്കാരില്ലാത്ത നാലുവർഷമെന്നും പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. നാലു വർഷത്തെ ഭരണം എന്താണെന്ന് പേരൂർക്കടയിലെ വീട്ടമ്മയുടെ മുഖത്ത് കാണാം. പിആർ-സ്തുതിപാഠക സംഘങ്ങൾ പറയുന്നതല്ല യഥാർഥ സ്ഥിതി. മൂന്നാം എൽഡിഎഫ് സർക്കാർ സ്വപ്നം മാത്രമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

## അമ്മയുടെ കാമുകൻ രണ്ടരവയസുകാരിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തി

മുംബയ്: രണ്ടരവയസുകാരിയെ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ അമ്മയും കാമുകനും അറസ്റ്റിൽ. മുംബയിലെ മാൽവാനിയിലാണ് സംഭവം നടന്നത്. 30കാരിയായ അമ്മ നോക്കിനിൽക്കെയാണ് 19കാരനായ കാമുകൻ കുട്ടിയെ പീഡിപ്പിച്ചതെന്ന് പൊലീസ് പറയുന്നു. പീഡനത്തിന് പിന്നാലെ അവശനിലയിലായ കുട്ടിയെ ഞായറാഴ്ച രാത്രി ആശുപത്രിയിൽ എത്തിച്ചപ്പോഴാണ് സംഭവം പുറത്തറിയുന്നത്.

പരിശോധനയ്ക്കിടെ പെൺകുട്ടിയുടെ സ്വകാര്യഭാഗത്ത് മുറിവുകൾ കണ്ടെത്തിയ ഡോക്ടർ ഉടൻ തന്നെ പൊലീസിനെ വിവരം അറിയിക്കുകയായിരുന്നു. പെൺകുട്ടിയുടെ അമ്മയും അച്ഛനും മൂന്ന് വർഷം മുൻപ് വിവാഹമോചനം നേടിയിരുന്നു. ഞായറാഴ്ച രാത്രിയാണ് അമ്മയും കാമുകനും കുട്ടിയെ മാൽവാനിയിലെ ജങ്കല്യാൻ നഗറിലെ ഒരു ആശുപത്രിയിൽ എത്തിച്ചത്. കുട്ടിക്ക് അപസ്മാരം ഉണ്ടെന്നും പെട്ടെന്ന് ശ്വാസം എടുക്കുന്നത് നിർത്തിയെന്നുമാണ് അമ്മ ഡോക്ടറോട് പറഞ്ഞത്.

എന്നാൽ ഡോക്ടർ നടത്തിയ പരിശോധനയിൽ കുട്ടി മരിച്ചതായി കണ്ടെത്തി. തുടർന്ന് പോസ്റ്റ്മോർട്ടം നടത്തിയപ്പോഴാണ് പീഡനത്തിന് ഇരയായ വിവരം അറിയുന്നത്. പിന്നാലെ പൊലീസ് അമ്മയെയും കാമുകനെയും കസ്റ്റഡിയിലെടുത്തു. കൂടുതൽ ചോദ്യം ചെയ്തതോടെ ഇരുവരും കുറ്റം സമ്മതിച്ചു. ബലാത്സംഗം, കൊലപാതകം, പോക്സോ എന്നീ വകുപ്പുകൾ ഇവർക്കെതിരെ ചുമത്തിയിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷമായി 19കാരനുമായി ഈ സ്ത്രീ ബന്ധത്തിലാണെന്നാണ് പുറത്തുവരുന്ന വിവരം.

## കനത്ത മഴയിൽ വ്യാപക നാശനഷ്ടം; തോണിമറിഞ്ഞ് മത്സ്യത്തൊഴിലാളി മരിച്ചു, ഇടിമിന്നലിൽ വീടുകൾക്ക് കേടുപാടുകൾ

കോഴിക്കോട്: സംസ്ഥാനത്തു പെയ്ത വ്യാപകമായ മഴയിൽ കനത്ത നാശനഷ്ടം. കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് വ്യാപക നാശനഷ്ടങ്ങളുണ്ടായത്. ഒരാൾ മരിക്കുകയും നിരവധി വീടുകൾക്ക് നാശനഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് നഗരത്തിൽ ചിലയിടത്ത് വലിയ വെള്ളക്കെട്ടുണ്ടായി.

കോഴിക്കോട് വെള്ളയിൽ ഹാർബറിനടുത്ത് മത്സ്യബന്ധനത്തിനുപോയി തിരിച്ചുവരികയായിരുന്ന തോണി മറിഞ്ഞ് ഒരാൾ മരിച്ചു. ഗാന്ധിറോഡ് സ്വദേശി ഹംസക്കോയ (65) ആണ് മരിച്ചത്. കടൽ പെട്ടെന്ന് ക്ഷുഭിതമായപ്പോൾ തോണി തിരമാലയിൽപ്പെട്ട് മറിയുകയായിരുന്നു. പരിക്കേറ്റ രണ്ടുപേർ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇന്ന് രാവിലെ കോതി അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെട്ട് ഫിറോസ് എന്നയാളുടെ ഫൈബർ വള്ളവും എൻജിനും തകർന്നു.

കോഴിക്കോട് ചെക്യാട് കൊയമ്പ്രം പാലം പരിസരത്ത് ഇടിമിന്നലിൽ രണ്ട് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. തുണ്ടിയിൽ ശ്രീധരൻ, ശാന്ത എന്നിവരുടെ വീടുകൾക്കാണ് നാശനഷ്ടമുണ്ടായത്. ഇരുവീടുകളുടെയും ഇലക്ട്രിക്, വയറിങ്ങുകൾ കത്തിനശിച്ചു. വീടിന്റെ അടുക്കളയിലെ ടൈലുകൾക്കും കിണറിന്റെ ആൾമറയ്ക്കും വീടിന്റെ തറയ്ക്കും കേടുപാട് സംഭവിച്ചു. വീട്ടുകാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

കോട്ടൂളി കെ.ടി. റോഡിൽ കനത്ത മഴയിൽ വീടിന്റെ മതിൽ ഇടിഞ്ഞുവീണു. കടാംകുന്നത്ത് സദാനന്ദന്റെ വീടിന്റെ മതിലാണ് ഇടിഞ്ഞത്. രാവിലെ 9.45-ഓടെയാണ് അപകടം. തൊട്ടടുത്തുള്ള കടാംകുന്നത്ത് വത്സലയുടെ വീടിനു മുകളിലേക്കാണ് മതിൽ ഇടിഞ്ഞുവീണത്. വീടിനു ഭാഗികമായി കേടുപാട് സംഭവിച്ചു. മൂന്നുവർഷംമുമ്പ് കെട്ടിയ മതിലാണ് തകർന്നുവീണത്. ആളപായമില്ല.

കണ്ണൂർ കുറുവയിൽ രണ്ട് വീടുകളിലേയ്ക്ക് മതിൽ ഇടിഞ്ഞുവീണു. ഉഷാജ്, ജാസ്മിൻ എന്നിവരുടെ വീടുകൾക്കാണ് കേടുപാടുകൾ സംഭവിച്ചത്. രാവിലെയായിരുന്നു അപകടം.

## പെൺകുട്ടി കൂട്ടബലാൽസംഗത്തിന് ഇരയായെന്ന് സംശയം; വ്യവസായി നാടുവിട്ടു

കാസർകോട്: 15 വർഷം മുൻപ് ദലിത് പെൺകുട്ടി കൊല്ലപ്പെട്ട കേസിൽ പാണത്തൂർ സ്വദേശിയായ വ്യവസായിക്കായി അന്വേഷണം. കൊലപ്പെടുത്തിയ ശേഷം വ്യവസായിയുടെ വാഹനത്തിൽ കൊണ്ടുപോയി മൃതദേഹം പുഴയിൽ തള്ളിയെന്നാണ് സൂചനകൾ. അന്വേഷണം ആരംഭിച്ചതോടെ ആരോപണവിധേയനായ വ്യവസായി കേരളം വിട്ടെന്നാണ് വിവരം.

പെൺകുട്ടി കൂട്ടബലാൽസംഗത്തിനിരയായെന്ന് അന്വേഷണസംഘം സംശയക്കുന്നു. കേസിൽ ഒരാളെ കൂടി സംശയമുണ്ടെന്ന് മാതാപിതാക്കൾ ഹൈക്കോടതിയെ സമീപിച്ചു. അമ്പലത്തറയിൽ 15 വർഷം മുൻപ് നടന്ന കൊലപാതകത്തിൽ പാണത്തൂർ സ്വദേശിയായ കരാറുകാരൻ ബിജു പൗലോസിനെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തിരുന്നു.

## 'വാരിയെല്ലൊടിഞ്ഞു'; പോലീസ് വിട്ടയച്ചയാളെ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവം; ദുരൂഹതയാരോപിച്ച് കുടുംബം

പത്തനംതിട്ട: പോലീസ് വിട്ടയച്ച ആളെ മരിച്ചനിലയിൽ കണ്ടെത്തിയ സംഭവത്തിൽ ദുരൂഹത ആരോപിച്ച് കുടുംബം. കോയിപ്രം സ്വദേശി സുരേഷിന്റെ(43) പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ നാല് വാരിയെല്ലുകൾക്ക് പൊട്ടലുള്ളതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പറയുന്നു. ചൂരൽ കൊണ്ട് അടിച്ചുവെന്ന് കരുതുന്ന പാടുകളും ശരീരത്തിലുണ്ടതായാണ് റിപ്പോർട്ട്. പോലീസ് വിട്ടയച്ചതിന്റെ ആറാം ദിവസമാണ് യുവാവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

കഞ്ചാവ് ബീഡി വലിച്ചുവെന്ന് ആരോപിച്ച് മാർച്ച് 19-ാം തീയതിയാണ് സുരേഷിനെ കോയിപ്രം പോലീസ് കസ്റ്റഡിയിൽ എടുക്കുകയും കേസ് രജിസ്റ്റർ ചെയ്ത് വിട്ടയക്കുകയും ചെയ്തത്. പിന്നീട് ചോദ്യം ചെയ്യലിന്റെ ഭാഗമായി സുരേഷിനെ വീണ്ടും പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചിരുന്നു. ഇക്കാര്യം കോയിപ്രം സിഐ വ്യക്തമാക്കുന്നുണ്ട്. ഇതിന് ശേഷം, 22-ാം തീയതി, സുരേഷിന്റെ വീട്ടിൽ നിന്ന് ഏകദേശം 25 കിലോമീറ്റർ അകലെ കോന്നി പോലീസ് സ്റ്റേഷൻ പരിധിയിലെ കൃഷിയിടത്തിൽ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു.

20-ാം തീയതി വൈകുന്നേരം വീട്ടിൽ മൂന്നുപേർ എത്തുകയും വാഹനത്തിൽ സുരേഷിനെ കൂട്ടിക്കൊണ്ടുപോകുകയും ചെയ്തുവെന്നാണ് സുരേഷിന്റെ മാതാവ് പറയുന്നത്. യൂണിഫോമിലുണ്ടായിരുന്നവരാണ് വീട്ടിലെത്തിയതെന്നാണ് അമ്മ പറയുന്നത്.

പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സുരേഷിന്റെ നാല് വാരിയെല്ലുകൾക്ക് പൊട്ടലേറ്റതായും ശരീരത്തിന് പിന്നിൽ ചൂരൽ കൊണ്ട് അടിയേറ്റതായും പരാമർശമുണ്ട്.

മുഖത്തും പരിക്കുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ദുരുഹതയാരോപിച്ച് സുരേഷിന്റെ സഹോദരൻ രംഗത്തെത്തിയിട്ടുണ്ട്.

## 5 ദിവസത്തിനുള്ളിൽ കാലവർഷം

തിരു: സംസ്ഥാനത്ത് അഞ്ചു ദിവസത്തിനുള്ളിൽ കാലവർഷമെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് നാലു ജില്ലകളിൽ അതിതീവ്ര മഴക്കുള്ള മുന്നറിയിപ്പും നൽകിയിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലാണ് റെഡ് അലർട്ടുള്ളത്.

ശക്തമായ കാറ്റിനും ഇടിക്കും സാധ്യതയുള്ളതിനാൽ വടക്കൻ കേരളത്തിൽ ജാഗ്രത വേണമെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്നലെ സംസ്ഥാനത്ത് പലയിടത്തും ശക്തമായ മഴയാണ് ലഭിച്ചത്. വടക്കൻ ജില്ലകളിൽ മിക്കയിടത്തും മഴ കനത്തു. കോഴിക്കോട്, കോട്ടയം ജില്ലകളിൽ മലയോരമേഖലയിൽ മഴ തുടരുകയാണ്.


തെക്കൻ അറബിക്കടൽ, മാലദ്വീപ്, കന്യാകുമാരി മേഖല, ആൻഡമാൻ കടൽ, ആൻഡമാൻ ദ്വീപ്, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ എന്നിവയുടെ കൂടുതൽ ഭാഗങ്ങളിലേക്ക് കാലവർഷം വ്യാപിച്ചതായും കാലാവസ്ഥ വകുപ്പ് അറിയിച്ചു. അതിന്റെ സ്വാധീനഫലമായി മഴ കനക്കാനാണ് സാധ്യത.

മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും തെക്കു പടിഞ്ഞാറൻ ഉൾക്കടലിനും മുകളിലായി ചക്രവാതച്ചുഴി സ്ഥിതിചെയ്യുന്നുണ്ട്. മധ്യ കിഴക്കൻ അറബിക്കടലിൽ കർണാടക തീരത്തിന് മുകളിലായി മേയ് 21ഓടെ ഉയർന്ന ലെവലിൽ ചക്രവാതച്ചുഴി രൂപപ്പെട്ട് 22ഓടെ ന്യൂനമർദ്ദമായി ശക്തിപ്രാപിക്കാൻ സാധ്യതയുണ്ട്. തുടർന്ന് വടക്കു ദിശയിൽ സഞ്ചരിച്ചു വീണ്ടും ശക്തി പ്രാപിക്കാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## 'ഐസ്ക്രീമിൽ വിഷം കലർത്തി മുൻപും കുഞ്ഞിനെ കൊല്ലാൻ ശ്രമിച്ചു'; കൊന്നുവെന്ന് ഭാവഭേദമില്ലാതെ മൊഴിനൽകി സന്ധ്യ

കൊച്ചി: ചാലക്കുടിപ്പുഴയിൽ അമ്മ മൂന്നുവയസുകാരിയെ എറിഞ്ഞുകൊലപ്പെടുത്തിയ സംഭവത്തിൽ നിർണായക വെളിപ്പെടുത്തലുകളുമായി അയൽവാസി. കോലഞ്ചേരി വരിക്കോലി മറ്റക്കുഴി കീഴ്പ്പിള്ളി വീട്ടിൽ സുഭാഷിന്റെമകൾ കല്യാണിയാണ് കൊല്ലപ്പെട്ടത്. കുഞ്ഞിന്റെ അമ്മ സന്ധ്യ നേരത്തെയും കൊലപാതക ശ്രമങ്ങൾ നടത്തിയിരുന്നുവെന്നാണ് അയൽവാസിയും ബന്ധുവുമായ അശോകൻ വെളിപ്പെടുത്തിയത്.

'സന്ധ്യ അധികം ആരോടും സംസാരിക്കുന്ന ആളല്ല. കുട്ടികളെ ടോർച്ചുകൊണ്ട് തലയ്ക്കടിച്ചിട്ടുണ്ട്. ഐസ്ക്രീമിൽ വിഷം കലർത്തി കുഞ്ഞിനെ നേരത്തെയും കൊല്ലാൻ ശ്രമിച്ചിട്ടുണ്ട്. അന്ന് ഒച്ചയുണ്ടാക്കിയത് മൂത്ത കൊച്ചാണ്. സുഭാഷിന്റെ അമ്മ ഇതുകണ്ട് പേടിച്ച് സന്ധ്യയെയും മക്കളെയും സ്വന്തം വീട്ടിൽ കൊണ്ടാക്കി. അന്ന് പൊലീസിലും പരാതി നൽകിയിരുന്നു. അവർ കൗൺസലിംഗിന് വിട്ടു. സന്ധ്യയ്ക്ക് മാനസിക ബുദ്ധിമുട്ടുണ്ടെന്ന് തോന്നിയിട്ടില്ല. സന്ധ്യയുടെ അമ്മയുടെയും സഹോദരിയുടെയും പെരുമാറ്റത്തിൽ സംശയമുണ്ട്'- എന്നാണ് അശോകൻ വെളിപ്പെടുത്തുന്നത്.



സന്ധ്യയ്ക്ക് മാനസിക പ്രശ്നമില്ലെന്നും എന്നാൽ മുൻപും കുട്ടിയെ ഉപദ്രവിച്ചിട്ടുണ്ടെന്നും ഭർത്താവ് സുഭാഷും പറഞ്ഞു. 'സന്ധ്യയുടെ അമ്മയ്ക്കും സഹോദരിക്കും സംഭവത്തിൽ പങ്കുണ്ടെന്ന് സംശയമുണ്ട്. അവർ പറയുന്നത് മാത്രമേ സന്ധ്യ അനുസരിക്കാറുള്ളൂ. സന്ധ്യ നേരത്തെയും കുഞ്ഞിനെ ഉപദ്രവിച്ചിട്ടുണ്ട്. ടോർച്ചുവച്ച് കുഞ്ഞിന്റെ തലയ്ക്ക് അടിച്ചതിനെത്തുടർന്ന് സന്ധ്യയെ സ്വന്തം വീട്ടിൽ കൊണ്ടുവിട്ടിരുന്നു. ഒരുമാസം മുൻപാണ് പ്രശ്നങ്ങൾ പരിഹരിച്ച് തിരികെ വന്നത്'-സുഭാഷ് വ്യക്തമാക്കി.

കുഞ്ഞിനെ പുഴയിൽ എറിഞ്ഞ് കൊലപ്പെടുത്തിയെന്ന് സന്ധ്യ സമ്മതിച്ചായി പൊലീസ് അറിയിച്ചു. എന്തിന് കൊന്നു എന്ന ചോദ്യത്തിന് ഞാൻ കൊന്നു എന്ന് ഭാവഭേദമില്ലാതെയാണ് സന്ധ്യ മറുപടി നൽകിയത്. മാനസികാരോഗ്യ വിദഗ്ദ്ധൻ പൊലീസ് സ്റ്റേഷനിലെത്തി സന്ധ്യയുടെ മാനസിക നില പരിശോധിക്കുമെന്നും പൊലീസ് വ്യക്തമാക്കി.

## വാട്ടർ ടാങ്കിന്റെ മുകളിൽ നിന്നും ചാടി ആത്മഹത്യ ചെയ്തു

പുതുക്കാട്: വരന്തരപ്പിള്ളി സ്വദേശി ഏറേടത്ത് വീട്ടിൽ സന്തോഷ് മകൻ ആദിത്യൻ (24) ആമ്പല്ലൂർ അളഗപ്പനഗർ പോളിടെക്നിക്കിന്റെ സമീപമുള്ള വാട്ടർ ടാങ്കിന്റെ മുകളിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തു.

വിദ്യാഭ്യാസമുള്ള ആളാണ്. ജോലിയില്ലാത്ത നിരാശയാണ് ആത്മഹത്യക്ക് കാരണമെന്ന് പറയപ്പെടുന്നു. പുതുക്കാട് പോലീസ് കേസെടുത്ത് മൃതദേഹം തൃശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി.


### കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 783/2007

ശിവശങ്കരൻ etc

-വാദി

ശശികല etc

-പ്രതി

ജയൻ, S/o. ദിവാകരൻ നായർ, പണ്ടാരപള്ളത്ത്, എരുമപ്പെട്ടി ദേശം, എരുമപ്പെട്ടി വില്ലേജ്, തലപ്പിള്ളി താലൂക്ക്

-15-ാം പ്രതി

മേൽ നമ്പറിൽ ഭാഗത്തിനും പ്രഖ്യാപന നിവർത്തിക്കു ശാശ്വത നിരോധനാജ്ഞ നിവർത്തിക്കും മറ്റുമാണ് വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളത്. മേൽ നമ്പറിൽ 15-ാം പ്രതിക്കുള്ള സമൻസ് പതിച്ചു നടത്തുന്നതിന് **22-05-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ടി തിയ്യതി രാവിലെ 11 മണിക്ക് ടി പ്രതി കോടതിയിൽ ഹാജരാകേണ്ടതും അല്ലാത്തപക്ഷം ടിയാനെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും അറിയിക്കുന്നു.

എന്ന്, 11-04-2025
വാദിഭാഗം അഡ്വക്കെറ്റ്
**സി കെ മോഹൻദാസ്**
(ഒപ്പ്)

### കോടതി പരസ്യം

**ബഹുമാനപ്പെട്ട തൃശൂർ MACT മുമ്പാകെ**

OP(MV): 2299/2022

Sini

-Petitioner

Muhammed Anas, S/o. Mohammed Ali, Meenathur House, Kavancheri P.O., Malappuram Dist. -676561

1st Respondent

മേൽ നമ്പ്രിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് മേൽ നമ്പ്ര് കേസ് **23-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആക്ഷേപമുണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 12-05-2025
ഹരജിഭാഗം അഡ്വക്കെറ്റ്സ്
**പി എസ് ഷോണിത്ത് & പി. ഡി ജോസ്**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

OP: 2125/2023

ജ്യോതി, 25 വയസ്, D/o. രവി, പന്തായിവീട്ടിൽ വീട്, പുന്നയൂർക്കുളം പി ഒ., പുന്നയൂർക്കുളം ദേശത്ത്, പുന്നയൂർക്കുളം വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശൂർ ജില്ല-679561

-ഹരജിക്കാരി

വൈശാഖ്, 28 വയസ്, S/o. സുരേഷ്, പടിക്കവെളപ്പിൽ വീട്, പുറങ്ങ് പി ഒ, പനമ്പാട് ദേശത്ത്, മാറഞ്ചേരി വില്ലേജ്, പൊന്നാനി താലൂക്ക്, മലപ്പുറം ജില്ല-680584

- എതൃകക്ഷി

മേൽ നമ്പർ കേസിൽ എതൃകക്ഷിയുമായുള്ള വിവാഹബന്ധം വേർപ്പെടുത്തി കിട്ടുന്നതിനു വേണ്ടി നിവൃത്തികൾ അപേക്ഷിച്ച് ബോധിപ്പിച്ചിട്ടുള്ള മേൽ നമ്പർ കേസ് **16-06-2025** തിയ്യതി വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എതൃകക്ഷിക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19-05-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**എൻ ഇന്ദിരാദേവി** (ഒപ്പ്)

